ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11-12-2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പ് ആരംഭിച്ചു; തൃശൂർ മുതൽ കാസർകോട് വരെയുള്ള 7 ജില്ലകൾ ഇന്ന് വിധിയെഴുതുന്നു; വോട്ടെണ്ണൽ മറ്റെന്നാൾ.

   **Second phase of Kerala local body elections underway: Seven districts from Thrissur to Kasaragod go to polls today; Counting scheduled for Saturday.**

2. വോട്ടർപ്പട്ടിക പരിഷ്ക്കരണത്തിനുള്ള ഭരണഘടനാദത്തമായ അധികാരം തിരഞ്ഞെടുപ്പ് കമ്മീഷനുണ്ടെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ ലോക്സഭയിൽ; വന്ദേമാതരത്തിൻറെ 150-ാം വാർഷികവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് കേന്ദ്രമന്ത്രി ജെ.പി നഡ്ഡ ഇന്ന് രാജ്യസഭയിൽ മറുപടി നൽകും.

   **Constitution grants Election Commission sole authority to hold Special Intensive Revision of electoral rolls, asserts Home Minister Amit Shah in Lok Sabha; Union Minister J.P. Nadda to reply today in the Rajya Sabha on discussions marking 150 years of Vande Mataram.**

3. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മണിപ്പൂരിൽ; വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

President Droupadi Murmu visits Manipur today: She will inaugurate and launch multiple development projects during the visit.

4. ക്ഷേമ പദ്ധതികളും ദുരന്ത മുന്നറിയിപ്പുകളും ആകാശവാണി, ദൂരദർശൻ എന്നിവയിലൂടെ കൃത്യമായി ജനങ്ങളിലെത്തിക്കാൻ കഴിയുന്നുണ്ടെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ.

Welfare schemes and disaster alerts effectively reach citizens through AIR and Doordarshan, says MoS L. Murugan.

5. എസ് ഐ ആർ രണ്ടാം ഘട്ടത്തിൽ രാജ്യത്ത് ഇതുവരെ 50 കോടിയിലധികം ഫോമുകൾ ഡിജിറ്റൈസ് ചെയ്യതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.

Over 50 crore forms digitized nationwide in the second phase of SIR, says the Central Election Commission.

6. ജൂനിയർ ഹോക്കി ലോകകപ്പിൽ ഇന്ത്യയ്ക്ക് വെങ്കലം; ഇന്ത്യ ദക്ഷിണാഫ്രിക്ക ടി-ട്വന്റി പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ചണ്ഡീഗഡിൽ.

India clinches bronze at Junior Hockey World Cup: India–South Africa Second T20 match to be played in Chandigarh today.

*************************************

## SEVEN DISTRICTS - BOOTH (INTRO)

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലായി 12,391 വാർഡുകളിലാണ് ജനവിധി. വൈകുന്നേരം 6 വരെ വോട്ടെടുപ്പ് തുടരും. ആകെ ഒരു കോടി 53 ലക്ഷത്തി 37,176 വോട്ടർമാരാണുള്ളത്. 80.90 ലക്ഷം വനിതാ വോട്ടർമാരും 72.46 ലക്ഷം പുരുഷ വോട്ടർമാരും ഇതിൽ ഉൾപ്പെടുന്നു. മൂന്നു കോർപറേഷനുകൾ, 47 മുനിസിപ്പാലിറ്റികൾ, ഏഴു ജില്ലാ പഞ്ചായത്തുകൾ, 77 ബ്ലോക്ക് പഞ്ചായത്തുകൾ, 470 ഗ്രാമ പഞ്ചായത്തുകൾ എന്നിവിടങ്ങളിലേക്കാണ് വോട്ടെടുപ്പ്. 18,274 പോളിങ് സ്റ്റേഷനുകളാണ് ഏഴ് ജില്ലകളിലായി സജ്ജമാക്കിയിരിക്കുന്നത്. പ്രശ്ന ബാധിത ബൂത്തുകളിൽ അതീവ സുരക്ഷ ഏർപ്പെടുത്തിയതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി **ലേഖകൻ സ്മൃതി എം പള്ളുരുത്തി.....**

(വോയിസ്)

**************************************

## LOCAL BODY ELECTION

രണ്ടാം ഘട്ടത്തിൽ 7 ജില്ലാ പഞ്ചായത്തുകളിലെ 182 ഡിവിഷനുകളിലേക്കും, 77 ബ്ലോക്ക് പഞ്ചായത്തുകളിലെ 1,177 ഡിവിഷനുകളിലേക്കും, 470 ഗ്രാമപഞ്ചായത്തുകളിലെ 9,015 വാർഡുകളിലേക്കും, 47 മുനിസിപ്പാലിറ്റികളിലെ 1,829 വാർഡുകളിലേക്കും, 3 കോർപ്പറേഷനുകളിലെ 188 വാർഡുകളിലേക്കുമാണ് വോട്ടെടുപ്പ് നടക്കുന്നത്. ആദ്യഘട്ടത്തിൽ വോട്ടിങ് മെഷീൻ തകരാറിനെ തുടർന്ന് റദ്ദാക്കിയ ആലപ്പുഴ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ ഒന്നാം ബൂത്തിലെ വോട്ടെടുപ്പും ഇന്നു നടക്കും. തദ്ദേശ തെരഞ്ഞെടുപ്പിൽ

രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന 7 ജില്ലകളിൽ ഇന്ന് പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ശനിയാഴ്ചയാണ് വോട്ടെണ്ണൽ

************************************

## KANNUR – VOTING (INTRO)

കടുത്ത രാഷ്ട്രീയ പോരാട്ടം നടക്കുന്ന കണ്ണൂർ ജില്ലയിൽ 92 തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള വോട്ടെടുപ്പ് ആരംഭിച്ചു. ജില്ലയിലെ 2,305 പോളിംഗ് ബൂത്തുകളിലായാണ് വോട്ടെടുപ്പ് നടക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി കണ്ണൂരിൽ നിന്നും ആകാശവാണി പ്രതിനിധി കെ **ഒ.ശശിധരൻ........**

(വോയിസ്)

************************************

## PRESIDENT MANIPUR

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് മണിപ്പൂരിലെത്തും. ഇംഫാലിലെത്തുന്ന രാഷ്ട്രപതിയെ ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിക്കും. മണിപ്പൂർ സർക്കാർ സംഘടിപ്പിക്കുന്ന പൗര സ്വീകരണത്തിൽ ശ്രീമതി മുർമു പങ്കെടുക്കും. വിവിധ വികസന പദ്ധതികൾക്കും സന്ദർശനത്തിനിടെ രാഷ്ട്രപതി തുടക്കം കുറിക്കും.

************************************

## MODI –NETANYAHU

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി ടെലിഫോൺ സംഭാഷണം നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിലെ പുരോഗതിയിൽ ഇരു പ്രധാനമന്ത്രിമാരും

സംതൃപ്തി പ്രകടിപ്പിച്ചു. ഭീകരതയോടുള്ള വിട്ടുവീഴ്ചയില്ലാത്ത സമീപനം നേതാക്കൾ ആവർത്തിച്ചതായും പശ്ചിമേഷ്യയിലെ സാഹചര്യത്തെക്കുറിച്ച് അഭിപ്രായങ്ങൾ കൈമാറിയതായും പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

***********************************

## ITALYS DEPUTY PM

ജനാധിപത്യ മൂല്യങ്ങളിലും, സുസ്ഥിരവും സുരക്ഷിതവും സമ്പന്നവുമായ ലോകക്രമം യാഥാർത്ഥ്യമാക്കാനുള്ള സമാന പ്രതിബദ്ധതയിലും അധിഷ്ഠിതമാണ് ഇന്ത്യ-ഇറ്റലി പങ്കാളിത്തമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഇറ്റാലിയൻ ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ അന്റോണിയോ തജാനിയുമായി ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. സംയുക്ത പ്രവർത്തന പദ്ധതിയുമായി ഇരു രാജ്യങ്ങളും മുന്നോട്ട് പോകുകയാണെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു.

***********************************

## RS - VANDEMATARAM

ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികവുമായി ബന്ധപ്പെട്ട ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടരും. കേന്ദ്രമന്ത്രി ജെ.പി നഡ്ഡ ചർച്ചയ്ക്ക് മറുപടി നൽകും. സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ വന്ദേമാതരം എല്ലാ ഇന്ത്യക്കാർക്കും പ്രചോദനം പകർന്നതായി ഇന്നലെ ചർച്ചയിൽ പങ്കെടുത്ത ബി.ജെ.പി എം.പി രാമിലാബെൻ ബാര പറഞ്ഞു. കോൺഗ്രസിന്റെ എല്ലാ സമ്മേളനങ്ങളിലും വന്ദേമാതരം ആലപിച്ചിരുന്നതായി കോൺഗ്രസ് എം.പി ജയറാം രമേശ് വ്യക്തമാക്കി. വന്ദേമാതരം സംബന്ധിച്ച ചർച്ചകൾക്ക് ശേഷം രാജ്യസഭയിൽ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച നടക്കുമെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു.

*************************************

## LALAN SINGH – RAJYA SABHA

പാരിസ്ഥിതികാഘാത പഠനമുൾപ്പെടെ എല്ലാം പഠിച്ചശേഷമായിരിക്കും കേരളതീരത്തെ ഖനനത്തിന് ലൈസൻസ് നൽകുകയെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി ലലൻ സിങ്. രാജ്യസഭയിൽ ജോൺ ബ്രിട്ടാസ് എം പിയുടെ ചോദ്യത്തിനു മറുപടി നൽകുകയായിരുന്നു അദ്ദേഹം. 35,000 കോടി രൂപയുടെ ഖനന പദ്ധതിയാണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്.

*************************************

## LOKSABHA SIR ( INTRO)

വോട്ടർ പട്ടികയുടെ തീവ്ര പരിഷ്കരണം നടത്താനുള്ള ഭരണഘടനാപരമായ അധികാരം തിരഞ്ഞെടുപ്പ് കമ്മീഷനുണ്ടെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ സംബന്ധിച്ച ലോക്സഭയിലെ ചർച്ചകൾക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം. വോട്ടർ പട്ടികയുടെ ശുദ്ധീകരണമാണ് എസ്.ഐ.ആറിലൂടെ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എസ്.ഐ.ആർ പ്രക്രിയയുമായി ബന്ധപ്പെട്ട പ്രതിപക്ഷ ആരോപണങ്ങളെ കേന്ദ്ര ആഭ്യന്തരമന്ത്രി നിഷേധിച്ചു.

( വോയിസ്....)

പ്രതിപക്ഷം തിരഞ്ഞെടുപ്പിൽ തോൽക്കുമ്പോഴാണ് തിരഞ്ഞെടുപ്പ് പ്രക്രിയയെക്കുറിച്ച് ചോദ്യങ്ങൾ ഉയർത്തുന്നതെന്ന് ചർച്ചയിൽ പങ്കെടുത്ത ബി.ജെ.പി നേതാവ് രവിശങ്കർ പ്രസാദ് പറഞ്ഞു. അതേസമയം, തിരഞ്ഞെടുപ്പ് കമ്മീഷൻ പക്ഷപാതപരമായി പെരുമാറുകയാണെന്ന് കോൺഗ്രസ് നേതാവ് കെ.സി. വേണുഗോപാൽ ആരോപിച്ചു.

( വോയിസ്...)

പാർലമെന്റിന്റെ ശീതകാല സമ്മേളനം ഇന്നും തുടരും.

************************************

## RAILWAY RATE

യാത്രക്കാർക്ക് താങ്ങാനാവുന്ന യാത്രാ സൗകര്യം ഒരുക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ റെയിൽവേ 60,000 കോടിയിലധികം രൂപ സബ്സിഡിയായി നൽകിയെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. മൊത്തം യാത്രാ ചെലവിന്റെ 45 ശതമാനമാണ് യാത്രക്കാർക്ക് നൽകുന്ന സബ്സിഡി. ലോകത്തിലെ ഏറ്റവും കുറഞ്ഞ നിരക്കുകളിൽ ഒന്നാണ് ഇന്ത്യൻ റെയിൽവേ നൽകുന്നതെന്ന് കേന്ദ്രമന്ത്രി ലോക്സഭയിൽ പറഞ്ഞു.

************************************

## EC - SIR

രാജ്യത്ത് തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ ഇതുവരെ 50 കോടിയിലധികം ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളം ഒഴികെയുള്ള പ്രദേശങ്ങളിൽ പൂരിപ്പിച്ച ഫോമുകൾ സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. കേരളത്തിൽ ഈ മാസം 18 വരെ ഫോമുകൾ നൽകാം.

************************************

## KERALA SIR

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം രണ്ട് കോടി 74 ലക്ഷത്തി 70,936 ആയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. വിതരണം ചെയ്ത ഫോമുകളുടെ 98.64 ശതമാനമാണിത്.

************************************

## L MURUGAN

പൊതു പ്രക്ഷേപകരായ ആകാശവാണി, ദൂരദർശൻ എന്നിവയിലൂടെ ദുരന്ത മുന്നറിയിപ്പുകൾ, ക്ഷേമ പദ്ധതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ കൃത്യവും സമയബന്ധിതവുമായി ജനങ്ങളിലെത്തിക്കാൻ കഴിയുന്നുണ്ടെന്ന് കേന്ദ്രസർക്കാർ. ഇത്തരം വിവരങ്ങളുടെ പ്രചാരണം ശക്തിപ്പെടുത്താൻ പ്രസാർ ഭാരതി സമൂഹ മാധ്യമങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്നും കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ ലോക്സഭയിൽ രേഖാമൂലമുള്ള മറുപടിയിൽ പറഞ്ഞു. 260-ലധികം ആകാശവാണി സ്റ്റേഷനുകൾ 'ന്യൂസ് ഓൺ എയർ' മൊബൈൽ ആപ്ലിക്കേഷൻ വഴി ലഭ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

*************************************

## HOCKEY

FIH ജൂനിയർ ഹോക്കി ലോകകപ്പിൽ ഇന്ത്യയ്ക്ക് വെങ്കലം. രണ്ടു ഗോളുകൾക്ക് പിന്നിലായശേഷം ഉജ്ജ്വലമായി തിരിച്ചടിച്ചാണ് ഇന്ത്യ കരുത്തരായ അർജന്റീനയ്ക്കെതിരേ 4-2 ന് ജയം പിടിച്ചെടുത്തത്. അതിനിടെ ജൂനിയർ ഹോക്കി ലോകകപ്പ് കിരീടം ജർമ്മനി നിലനിർത്തി. സ്പെയ്നിനെ പെനാൾട്ടി ഷൂട്ടൗട്ടിൽ 3-2 എന്ന സ്കോറിനാണ് ജർമ്മനി കീഴടക്കിയത്.

*************************************

## CRICKET – IND SA T20

ഇന്ത്യ ദക്ഷിണാഫ്രിക്ക ടി-ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ടി-20 മത്സരം ഇന്ന് ന്യൂ ചണ്ഡീഗഢിലെ മുല്ലൻപൂരിലുള്ള മഹാരാജ യാദവീന്ദ്ര സിംഗ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കും. രാത്രി 7 മണിക്ക് മത്സരം ആരംഭിക്കും. അഞ്ച് മത്സര പരമ്പരയിലെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ തകർത്ത വൻ വിജയത്തിന്റെ ആത്മവിശ്വാസത്തിലാണ് സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ടീം ഇന്ത്യ. ഓൾറൗണ്ടർ ഹാർദിക് പാണ്ഡ്യയുടെ

തിരിച്ചുവരവ് ടീമിനെ കൂടുതൽ ശക്തിപ്പെടുത്തി. വൈസ് ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും തിരിച്ചെത്തിയിട്ടുണ്ട്.

**********************************************************************

****************************************